(ബി) കൃഷിക്കും കുടിവെള്ള പദ്ധതികൾക്കും വളരെ പ്രയോജനകരമായ പ്രസ്തുത പദ്ധതി പൂർത്തീകരിക്കാതിരിക്കാൻ എന്താണ് കാരണമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കാത്തത് മൂലമുണ്ടായ നഷ്ടത്തിന്റെ ഉത്തരവാദിത്വം ആർക്കാണ് എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തടയണ നിർമ്മാണം പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ചെറുതുരുത്തി തടയണയുടെ നിർമ്മാണം ആരംഭിച്ചത് 20-11-2008-ലാണ്. ഇതിനായി 2.8 കോടിരൂപ ചെലവഴിച്ചു. 25 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി-ഡി) പ്രസ്തുത പദ്ധതി RMF-ൽ ഉൾപ്പെട്ടതാണ്. ടി പദ്ധതി ഏറ്റെടുത്ത കരാറുകാരൻ നിര്യാതനായതിനാൽ പൂർത്തിയാക്കാതെ അവസാനിപ്പിക്കേണ്ടിവന്നു. ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി 14.50 കോടിരൂപയുടെ എസ്റ്റിമേറ്റ് RMF പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

ചാലക്കുടിയിലെ വാട്ടർ അതോറിറ്റി സെക്ഷൻ ഓഫീസ്

189 (2469) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 13 പഞ്ചായത്തുകളും 100 കിലോമീറ്ററിലധികം ദൈർഘ്യവും പ്രവർത്തന മേഖലയായിട്ടുള്ള ചാലക്കുടി വാട്ടർ അതോറിറ്റി സബ് ഡിവിഷന്റെ കീഴിൽ ഒരു സെക്ഷൻ ഓഫീസ് കൂടി അനുവദിക്കുന്നതിനുള്ള അപേക്ഷയിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) കൂടുതൽ സ്റ്റാഫിനേയോ അധിക സാമ്പത്തിക ബാധ്യതയോ ഇല്ലാതെ തന്നെ ചാലക്കുടിയിൽ ഒരു സെക്ഷൻ ഓഫീസ് കൂടി രൂപീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല

LIBRARY ARCHIVES Kerala Legislative Assembly